**ഹാഫിസ് ബശീർ ഈരാറ്റുപേട്ട**
hafizvava@gmail.com

# മധുരതരമാകട്ടെ പ്രതികാരങ്ങൾ

عَنْ أَبِي الطُّفَيْلِ، عَنْ حُذَيْفَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : لاَ تَكُونُوا إِمَّعَةً تَقُولُونَ إِنْ أَحْسَنَ النَّاسُ أَحْسَنَّا وَإِنْ ظَلَمُوا ظَلَمْنَا وَلَكِنْ وَطِّنُوا أَنْفُسَكُمْ إِنْ أَحْسَنَ النَّاسُ أَنْ تُحْسِنُوا وَإِنْ أَسَاءُوا فَلاَ تَظْلِمُوا (حديث حسن رواه الترمذي)

**ഹുദൈഫയിൽനിന്ന്: നബി (സ) പറഞ്ഞു: നിങ്ങൾ മറ്റുള്ളവരെ അനുകരിക്കുന്നവരാകരുത്. അതായത്, നിങ്ങൾ പറയുന്നു: ആളുകൾ നല്ല നിലയിൽ വർത്തിക്കുന്നുവെങ്കിൽ ഞങ്ങളും നല്ല നിലയിൽ വർത്തിക്കും. അവർ അക്രമം കാണിച്ചാൽ ഞങ്ങളും അക്രമം കാണിക്കും. മറിച്ചു നിങ്ങൾ ചെയ്യേണ്ടത്, നിങ്ങളെ പാകപ്പെടുത്തുകയാണ്. ആളുകൾ നല്ല നിലയിൽ വർത്തിച്ചാൽ നിങ്ങളും നല്ല നിലയിൽ വർത്തിക്കുക. അവർ തെറ്റായി വർത്തിച്ചാൽ നിങ്ങൾ അക്രമം കാണിക്കുകയുമരുത് (ഹസൻ – തിർമിദി).**

മനുഷ്യന് ദൈവികമായി ലഭിക്കുന്ന ഗുണങ്ങളിൽപെട്ടതാണ് വിട്ടുവീഴ്ച ചെയ്യലും ആളുകളെ അടുപ്പിച്ചുനിർത്തലും. ഓരോ വിശ്വാസിയും തന്റെ മുഖമുദ്രയാക്കേണ്ട ഗുണങ്ങളാണിവ. വിട്ടുവീഴ്ചാമനോഭാവം ഉണ്ടെങ്കിലേ ആളുകളെ ആകർഷിക്കാനാവൂ. കഴിഞ്ഞകാലത്ത് തന്നോട് ചെയ്ത അരുതായ്മക്ക് പകരം ചോദിക്കാനാണ് മനുഷ്യൻ പലപ്പോഴും ശ്രമിക്കുക. അവസരം ഒത്തുകിട്ടിയാൽ ഇങ്ങോട്ടു ചെയ്ത അതേ രീതിയിലോ അതിനേക്കാൾ കൂടുതലയോ അവൻ പ്രതികാരം ചെയ്യുന്നു. ഇങ്ങനെ ആളുകളെ അകറ്റണമെന്നല്ല, സ്നേഹത്തോടെ അവരെ അടുപ്പിച്ചു നിർത്തണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

നബി(സ)യോട് അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യനായത്. നീ പരുക്കനും കഠിനഹൃദയനും ആയിരുന്നെങ്കിൽ നിന്റെയടുക്കൽനിന്ന് അവർ പിരിഞ്ഞു പോയതുതന്നെ. അവരോട് പൊറുക്കുക. അവർക്കായി പാപമോചനം തേടുക''(3:159).

ഈ സൂക്തം അവതരിക്കുന്നത് ഉഹുദ് യുദ്ധവേളയിൽ മുസ്‌ലിംകളുടെ ചെയ്തികൾ തന്റെ കൽപ്പനക്ക് വിരുദ്ധമായതിനാൽ അത് പ്രവാചകന്റെ മനസ്സിൽ ചെറിയ നീരസം ഉണ്ടാക്കിയ സന്ദർഭത്തിലാണ്. പ്രവാചകന്റെ ഹൃദയത്തെ ആശ്വസിപ്പിച്ചും പ്രവാചകനിലൂടെ അല്ലാഹു നൽകിയ അനുഗ്രഹത്തെകുറിച്ച് മുസ്‌ലിംകളെ ഓർമിപ്പിച്ചുകൊണ്ടുമാണ് ഈ സൂക്തത്തിന്റെ അവതരണം. അതേ, അദ്ദേഹം സൗമ്യനും ദയാപരനുമായത് അദ്ദേഹത്തിനും അവർക്കും ലഭിച്ച ദൈവകാരുണ്യമാകുന്നു. അദ്ദേഹം കഠിനഹൃദയനും പരുഷപ്രകൃതനും ആയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ചുറ്റും ആളുകൾ ഒത്തുകൂടുമായിരുന്നില്ല.

ആളുകൾക്ക് എപ്പോഴും ആർദ്രമായ പെരുമാറ്റം വേണം. ഉദാരമായ സ്നേഹവും വാത്സല്യപൂർണമായ പുഞ്ചിരിയും വേണം. അവരുടെ അജ്ഞതയും ന്യൂനതയും ബലഹീനതയും കണ്ടറിഞ്ഞുകൊണ്ടുള്ള സഹിഷ്ണുത വേണം. അവർക്കു വേണ്ടതെല്ലാം നൽകുകയും അവരിൽനിന്ന് ഒന്നും പ്രതീക്ഷിക്കാതിരിക്കുകയും, അവരുടെ ദുഃഖങ്ങൾ ചുമക്കുകയും, തന്റെ ദുഃഖം കൊണ്ട് അവരെ വിഷമിപ്പിക്കാതിരിക്കുകയും വേണം. ആ വ്യക്തിയിൽനിന്ന് എപ്പോഴും തങ്ങൾക്ക് ശ്രദ്ധയും പരിഗണനയും പരിരക്ഷയും പരിലാളനയും സ്നേഹവും സംതൃപ്തിയും ലഭിച്ചുകൊണ്ടിരിക്കണം. ദൈവദൂതന്റെ ഹൃദയം അങ്ങനെയായിരുന്നു. ആളുകളോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റവും ജീവിതവും അപ്രകാരമായിരുന്നു. തനിക്കായി അദ്ദേഹം ഒരിക്കലും കോപിക്കുകയുണ്ടായില്ല. അവരുടെ ന്യൂനതകളെയും ബലഹീനതകളെയുമൊക്കെ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. ഭൗതിക മോഹങ്ങൾ അദ്ദേഹത്തെ അലട്ടിയതേയില്ല. തന്റെ കൈയിലുള്ളതെല്ലാം അവിടുന്ന് ഉദാരമായി അവർക്കു നൽകി. അദ്ദേഹത്തിന്റെ ദയയും വാത്സല്യവും സ്നേഹവുമെല്ലാം അവർ വേണ്ടുവോളം അനുഭവിച്ചു. പ്രവാചകനെ കാണുകയും അൽപനേരം ആ മഹദ്സന്നിധിയിൽ കഴിയുകയും ചെയ്ത ആരുടെയും ഹൃദയം അവിടുന്ന് ചൊരിഞ്ഞുകൊടുത്ത സ്നേഹംകൊണ്ട് നിറയാതിരുന്നിട്ടില്ല.

നമ്മളോട് തെറ്റുചെയ്തവരോട് അതേ രീതിയിൽ തിരിച്ച് പ്രതികാരം ചെയ്യുന്നതിനു പകരം അവരെ ഒന്നും ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ അവർക്ക് നന്മ ചെയ്ത് മധുരമായ രീതിയിൽ പ്രതികാരം വീട്ടുകയോ ചെയ്യുക. ഇതാണ് മേലുദ്ധരിച്ച പ്രവാചകവചനത്തിന്റെ അന്തസ്സത്ത.

മാലികുബ്നു നദ്‌ലത്തുൽ ജുശമിയിൽനിന്ന്: ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഒരു മനുഷ്യൻ, ഞാൻ അയാളുടെ നാട്ടിലൂടെ കടന്നുപോകുന്നു. അയാൾ എനിക്ക് ആതിഥ്യമരുളുന്നില്ല, സൽക്കരിക്കുന്നില്ല. പിന്നീടയാൾ എന്റെ നാട്ടിലൂടെ കടന്നുപോകുന്നു. ഞാൻ അയാൾക്ക് ആതിഥ്യമരുളേണ്ടതുണ്ടോ?'

നബി (സ) പറഞ്ഞു: 'അങ്ങനെ ചെയ്യാതിരിക്കരുത്. താങ്കൾ അയാളെ ഊട്ടുക.'

ഇങ്ങനെ നല്ല രീതിയിൽ ആളുകളോട് പെരുമാറാനാണ് വിശുദ്ധ ഖുർആനിന്റെയും റസൂലിന്റെയും അധ്യാപനങ്ങൾ നമ്മോട് ആവശ്യപ്പെടുന്നത്. മോശമായി പെരുമാറിയവരോട് വിട്ടുവീഴ്ച ചെയ്യണം. സർവർക്കും സ്നേഹം ചൊരിയേണ്ടവരാണ് വിശ്വാസികൾ. നാനാജാതി മനുഷ്യരും ജന്തുജാലങ്ങളും പക്ഷിമൃഗാദികളും ചെടികളും പുൽക്കൊടിയും വരെ നമ്മുടെ സ്നേഹം നുകരണം. ഒറ്റപ്പുഞ്ചിരി കൊണ്ട് ഓരോ മനസ്സിലും സ്ഥാനം പിടിക്കണം. അതീവലളിതമായും അത്രതന്നെ താഴ്മയോടും ഓരോ മനുഷ്യനോടും നാം സംവദിക്കണം. ഒരു പ്രാവശ്യം മാത്രം നമ്മെ കണ്ടവരിലും ഒളിമങ്ങാത്ത ഓർമയായി നാം മാറണം. അന്യരായി ആരും തന്നെയില്ല, നമ്മൾ പരിചയപ്പെടാൻ ബാക്കിയുള്ളവരേയുള്ളൂ എന്ന് തിരിച്ചറിയുക. അന്യനെ അനിയനാക്കുന്ന സ്വഭാവശീലം വളർത്തിയെടുക്കുക. ●